## പൊതുവിദ്യാഭ്യാസവകുപ്പ് (ഹയർ സെക്കന്ററി വിഭാഗം)
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
**(സാന്നിദ്ധ്യം : രഞ്ജൻ രാജ് ആർ.പി)**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസവകുപ്പ് – ഹയർസെക്കന്ററി വിഭാഗം – ജീവനക്കാര്യം- എച്ച്.എസ്.ടി യു.പി.എസ്.ടി/എൽ.പി.എസ്.ടി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികമാറ്റ നിയമനം നൽകുന്നതിനുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നമ്പർ: HSE/5592/2025-Ad B2** **തീയതി : 12-05-2026**

പരാമർശം :
1. 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001 /പൊ.വി.വ നമ്പർ ഉത്തരവ്
2. 01/12/2015 ലെ സ.ഉ (കൈ) നം. 296/2015 /പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 26/08/2016 ലെ സ.ഉ (പി) 144/2016/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
4. 01/07/2023 തീയതിയിലെ സ.ഉ (പി) 8/2023 /പൊ.വി.വ നമ്പർ ഉത്തരവ്
5. 10/03/2025 തീയതിയിലെ സ.ഉ (അച്ചടി) നം. 10/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
6. 07/05/2025 തീയതിയിലെ ജെഎ 2/132/2025 – പൊ.വി.വ നമ്പർ സർക്കാർ കത്ത്
7. 03/09/2025 തീയതിയിലെ ജെഎ 2/132/2025 – പൊ.വി.വ നമ്പർ സർക്കാർ കത്ത്
8. 02/08/2025,10/09/2025 ലെ താൽകാലിക സീനിയോരിറ്റി ലിസ്റ്റ്, ഭേദഗതി വരുത്തിയ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ്
9. 01/09/2025 തീയതിയിലെ Civil Appeal No. 1385/2025 ന്മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ്
10. 15/03/2026 തീയതിയിലെ സ.ഉ (കൈ)

നം.80/2026/പൊ.വി.വ നമ്പർ ഉത്തരവ്

## ഉത്തരവ്

കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളുകളിലെ മൊത്തം ഹയർസെക്കൻഡറി അധ്യാപക ജൂനിയർ തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം (2),(3) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമന ക്വാട്ടയിൽ എച്ച്.എസ്.റ്റി,യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി 70:20:5:5 എന്ന അനുപാതത്തിൽ ക്വാട്ട നിശ്ചയിച്ചുകൊണ്ടും ടി നിയമനങ്ങൾ പി.എസ്.സി മുഖേന നികത്തുന്നതിനും പരാമർശം (4) പ്രകാരം ചട്ടം ഭേദഗതി ചെയ്തു സർക്കാർ ഉത്തരവായിരുന്നു. കൂടാതെ ടി ഉത്തരവിന് 01/01/2016 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

2. എന്നാൽ പ്രസ്തുത ചട്ടഭേദഗതി പ്രകാരം പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നിലവിൽ തടസ്സം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിനാൽ ഹയർ സെക്കൻഡറി അധ്യാപക നിയമനങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ നടത്തുന്നതിനായി, പി.എസ്.സി നിർദ്ദേശിച്ചത് പ്രകാരം ഉള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നതുവരെ, സീനിയോരിറ്റി അടിസ്ഥാനത്തിൽ 28/12/2020 നു ശേഷമുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികമാറ്റ നിയമനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനു പരാമർശം (5) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ തസ്തികമാറ്റ നിയമനത്തിനു യോഗ്യരായവർ ഇല്ലാത്തപക്ഷം ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യുവാനും പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. കൂടാതെ പരാമർശം (6) പ്രകാരം 29/12/2020 മുതലുള്ള

ഒഴിവുകളിലേയ്ക്ക് നിലവിൽ നിയമനം നൽകി അവസാനിപ്പിച്ച കാറ്റഗറിയുടെ തുടർച്ചയായിട്ട് റൊട്ടേഷൻ തുടരുവാനും **29/12/2020** മുതൽ **01/06/2025** വരെയുള്ള ഒഴിവുകളിലേക്ക് നിയമനം നൽകുവാനും പരാമർശം **(7)** പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

**4.** പരാമർശം **(5),(6)** സർക്കാർ ഉത്തരവുകളുടെ/നിർദേശത്തിന്റെ അടിസ്ഥാനത്തിൽ **29/12/2020** മുതൽ **01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്ക് എച്ച്.എസ്.റ്റി,യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് **&** ലാബ് അസിസ്റ്റന്റ് (ഹയർസെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിക്കുകയും പരാമർശം **(8)** പ്രകാരം താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ്, ഭേദഗതി വരുത്തിയ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഭേദഗതി വരുത്തിയ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**5.** പരാമർശം **(9)** സുപ്രീംകോടതി വിധി പ്രകാരം നിലവിൽ എച്ച്.എസ്.ടി, യു.പി.എസ്.ടി/ എൽ.പി.എസ്.ടി തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് **TET** യോഗ്യത നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് പരാമർശം **(10)** പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ക്കനുസൃതമായി ഭേദഗതി വരുത്തിയ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കെ ടെറ്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**6. 2015** അധ്യയന വർഷം മുതൽ അണ്ണാമലൈ, പെരിയാർ, ഭാരതിയാർ തുടങ്ങിയ യൂണിവേഴ്സിറ്റികളുടെ വിദൂര വിദ്യാഭ്യാസം മുഖേനയുള്ള ഡിഗ്രി/പി.ജി യോഗ്യതകൾക്ക് **UGC DISTANCE EDUCATION BUREAU (DEB)**യുടെ അംഗീകാരം ഇല്ല എന്നതിനാൽ **2015** അധ്യയന വർഷം മുതൽ അണ്ണാമലൈ, പെരിയാർ, ഭാരതിയാർ തുടങ്ങിയ യൂണിവേഴ്സിറ്റികളുടെ വിദൂര വിദ്യാഭ്യാസം മുഖേനയുള്ള ഡിഗ്രി/പി.ജി യോഗ്യതകൾ പരിഗണിക്കാൻ കഴിയില്ല . ആയതിനാൽ പ്രസ്തുത യോഗ്യത

ഉള്ള അപേക്ഷകരെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുവാൻ നിർദ്ദേശം ലഭിച്ച ശേഷം ഹാജരാകാതിരുന്നവരെയും മതിയായ രേഖകൾ/യോഗ്യതകൾ ഇല്ലാതിരുന്നവരെയും അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്

6. **OA 1692/2025, OA(EKM)1044/2025, OA(EKM)1502/2025** എന്നീ നമ്പർ കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ അന്തിമവിധിക്ക് വിധേയമായി ടി സീനിയോറിറ്റി ലിസ്റ്റ് പുനപരിശോധിക്കുന്നതാണെന്ന വ്യവസ്ഥയിൽ, **29/12/2020** മുതൽ **01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള നിയമനത്തിനായി ഓരോ വിഷയത്തിലെയും വർഷാടിസ്ഥാനത്തിലുള്ള ഒഴിവുകളിൽ അതാത് വർഷങ്ങളിൽ യോഗ്യത നേടിയിട്ടുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള അദ്ധ്യാപകരെ/ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ട് അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത ലിസ്റ്റ് **www.hscap.kerala.gov.in, www.hseportal.kerala.gov.in** എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്.

Digitally signed by
Ranjan Raj. R. P
Date: 12-05-2026
15:04:01

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്:

1. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്/ജീവനക്കാർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ , ഡി.ഇ.ഒ/എ.ഇ.ഒ, എച്ച്.എം, ആർ.ഡി.ഡി
3. സി.എ റ്റു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. സി.എ റ്റു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ